പതിമൂന്നാം കേരള നിയമസഭ
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1001

03/12/2014 -ലെ
മറുപടിയ്ക്ക്

# സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ

ചോദ്യം

**ശ്രീ.പി.കെ .ബഷീർ**

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനും, ക്യാൻസർ, കിഡ്നി സംബന്ധമായ മാരകരോഗങ്ങൾ ബാധിച്ചവർക്കും പട്ടികജാതി ക്ഷേമവകുപ്പിന്റെ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

**ശ്രീ.എ.പി അനിൽകുമാർ**
പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) 50,000/ രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് 50,000/- രൂപ വരെ ധനസഹായം നൽകി വരുന്നു. ആയതിലേക്ക് ജാതി, വരുമാനം, എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് , വിവാഹ ക്ഷണ കത്ത്, വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഐഡന്റിറ്റി കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം പൂരിപ്പിച്ച അപേക്ഷ അതത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർക്ക് സമർപ്പിക്കേണ്ട - താണ്.

കാൻസർ, കിഡ്നി സംബന്ധമായ മാരകമായ രോഗങ്ങൾ ബാധിച്ച 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് 1,00,000/- രൂപ വരെ വകുപ്പിൽ നിന്നും ധന സഹായം നൽകി വരുന്നു. ആയതിലേക്കായി അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ , ചികിത്സിക്കുന്ന ഡോക്ടറുടെ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം, ഐഡന്റിറ്റി കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം ബ്ലോക്ക്/ നഗര സഭാ തലങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ ആഫീസുകളിൽ സമർപ്പിക്കാവുന്നതാണ്.

Sd/- KJ
സെക്ഷൻ ഓഫീസർ

## അനുബന്ധം

I. വിദ്യാഭ്യാസാനുകൂല്യം : -

1. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകളിൽ പഠിയ്ക്കുന്ന മുഴുവൻ പട്ടികജാതി /ഒ.ഇ.സി വിദ്യാർത്ഥികൾക്കും വരുമാന പരിധിയില്ലാതെ വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നു (ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്).
2. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ( മെരിറ്റ് / റിസർവേഷൻ ) വിദ്യാർത്ഥികൾക്കും സർക്കാർ/ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന നിരക്കിൽ ഫീസാനുകൂല്യം അനുവദിച്ചു വരുന്നുണ്ട് ( ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്)
3. അലോട്ട്മെന്റ് മുഖേനയല്ലാതെ സ്വാശ്രയ സ്ഥാപനങ്ങൾ നേരിട്ട് എടുക്കുന്ന 2.5 ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ള മുഴുവൻ SC വിദ്യാർത്ഥികൾക്കും GOI സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു.
4. കേരളത്തിൽ പുറത്തും , വിദേശത്തും പഠിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നു.
5. B.Tech, M.Tech, MCA വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
6. MBBS വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് നൽകി വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
7. I മുതൽ IV വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന് പുറമെ 2,000/- രൂപ നിരക്കിൽ പ്രൈമറി എഡ്യുക്കേഷൻ എയ്ഡ് എന്ന പേരിൽ അനുവദിച്ചു വരുന്നു.
8. IX,X ക്ലാസുകളിൽ പഠിക്കുന്ന SC വിദ്യാർത്ഥികൾക്ക് 2,250 രൂപ നിരക്കിൽ പ്രീ- മെട്രിക് സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു. ( ഓൺലൈൻ വഴിയാണ് അപേക്ഷിയ്ക്കേണ്ടത്)
9. മെച്ചപ്പെട്ട വിദ്യാഭ്യാസം - പഠന നിലവാരമുയർത്തൽ , 9- ാം ക്ലാസ്സു മുതൽ 12 - ാം ക്ലാസ്സ് വരെ റസി/സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ പദ്ധതി നടപ്പാക്കി വരുന്നു. ( ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്)
10. വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്വകാര്യ വൊക്കേഷണൽ എഞ്ചിനീയറിംഗ് / നോൺ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ KGCE/FDGT കോഴ്സുകളുടെ സ്റ്റൈപന്ററി സീറ്റുകളിൽ പരിശീലനം നടത്തുന്ന പട്ടികജാതി / മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് , സ്റ്റൈപന്റ്, കോഴ്സ് ഫീസ് എന്നിവ വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്. ഓരോ അദ്ധ്യയന വർഷത്തിലും വകുപ്പിന്റെ പ്രതിനിധി ഉൾപ്പെട്ട ഇന്റർവ്യൂ ബോർഡ് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്കാണ് പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. ആയതിലേക്ക് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശുപാർശ സഹിതം ലഭ്യമാകുന്ന പ്രൊപ്പോസൽ പരിഗണിച്ചാണ് ടി സ്ഥാപനങ്ങൾക്ക് ഓരോ വർഷവും തുടർച്ചാനുമതി ഉത്തരവും ആനുകൂല്യവും അനുവദിച്ചു വരുന്നത്.

കൂടാതെ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന നാല് PETC ( തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് ) കളിൽ പി.എസ്.സി, യു. പി.എസ്.സി ബാങ്ക് എന്നിവ നടത്തുന്ന മത്സര പരീക്ഷകൾക്ക് പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്കും മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്കും സ്റ്റൈപന്റ് അനുവദിച്ചു വരുന്നുണ്ട്. PETC കളിൽ നടത്തി വരുന്ന സ്റ്റെനോഗ്രാഫി കോഴ്സിലെ വിദ്യാർത്ഥികൾക്കും സ്റ്റൈപന്റ് നൽകി വരുന്നു.

വകുപ്പിന് കീഴിൽ 44 ഐ.ടി.ഐ കൾ പ്രവർത്തിച്ചു വരുന്നു. ടീ ഐ.ടി.ഐ കളിൽ ട്രെയിനികൾക്ക് പരിശീലനം പൂർണ്ണമായും സൗജന്യമാണ്. അതിനു പുറമേ, യൂണിഫോം അലവൻസ് ( 900/-) ലംപ്സംഗ്രാന്റ് ( ഒന്നാം വർഷം -650/-, രണ്ടാം വർഷം-500/-) പ്രതിമാസ സ്റ്റൈപ്പന്റ് ( 500/-) സ്റ്റഡി ടൂർ അലവൻസ് 3000/-) രൂപയും നൽകി വരുന്നു. വിജയകരമായി ഐ.ടി.ഐ പരിശീലനം പൂർത്തീകരിക്കുന്നവർക്ക് അപ്രന്റീസ് പരിശീലനത്തിനായി ട്രൈനിംഗ് -കം-എംപ്ലോയ്മെന്റ് / അഡീഷണൽ അപ്രന്റീസ്ഷിപ്പ് പദ്ധതിയും പണിയായുധങ്ങൾ വാങ്ങുന്നതിനായി ടൂൾ കിറ്റ് പദ്ധതിയും നിലവിലുണ്ട്.

II. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുനിസിപാലിറ്റികളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും , കോർപ്പറേഷനുകളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയുമാണ് ധനസഹായമായി അനുവദിക്കുന്നത്.

അപേക്ഷകർ ഭൂരഹിതരായ പട്ടികജാതിക്കാരും കുടുബ വാർഷിക വരുമാനം 50,000/- രൂപയിൽ താഴെയുള്ളവരുമായിരിക്കണം. ഗ്രാമ സഭാ / വാർഡ് സഭാ ലിസ്റ്റിൽ ഉൾപ്പെട്ടവരോ, ലിസ്റ്റ് നിലവിലില്ലാത്ത സ്ഥലങ്ങളിൽ ജില്ലാ പട്ടിക ജാതി വികസന ഓഫീസർ പത്ര പരസ്യം വഴി ക്ഷണിച്ചതനുസരിച്ച് അപേക്ഷ സമർപ്പിച്ചവരോ ആയവരെയാണ് തെരഞ്ഞെടുക്കുന്നത്. അപേക്ഷകൾ ബ്ലോക്ക് / മുൻസിപാലിറ്റി / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ , തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവി, ഉപദേശക സമിതി അംഗം എന്നിവരടങ്ങുന്ന സമിതിയായിരിക്കും തെരഞ്ഞെടുപ്പ് നടത്തുന്നത്.

III. എ) ഭവന നിർമ്മാണം:-

2014-2015 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണ ധന സഹായ പദ്ധതി പ്രകാരം ഒരാൾക്ക് മൂന്ന് ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. നാല് ഗഡുക്കളായിട്ടാണ് തുക വിതരണം ചെയ്യുന്നത്. ഗ്രാമസഭ/ വാർഡ് സഭ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകർ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ , വാസയോഗ്യമായ ഭവനം ഇല്ലെന്നുള്ള സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ നഗരസഭ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വാർഷിക വരുമാന പരിധി 50,000/- രൂപ.

ബി) ഭവന പുനരുദ്ധാരണം:-

ടി ധനസഹായ പദ്ധതി പ്രകാരം 50,000/- രൂപ രണ്ടു ഗഡുക്കളായി വിതരണം ചെയ്തു വരുന്നു. ഭവന നിർമ്മാണം പൂർത്തിയായി 7 വർഷത്തിനു മുകളിൽ കാലപ്പഴക്കമുള്ള വീടുകൾക്കാണ് ധനസഹായം അനുവദിച്ചു വരുന്നത്. വാർഷിക വരുമാന പരിധി 50,000/- രൂപ. അപേക്ഷകൾ ബന്ധപ്പെട്ട ബ്ലോക്ക് /നഗരസഭ പട്ടികജാതി വികസന ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

IV. പട്ടികജാതി വിഭാഗത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്ലിയൻ, സമുദായക്കാർക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം ഗുണഭോക്താവിന് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 3.50 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. അപേക്ഷ നിശ്ചിത ഫോറത്തിൽ ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

V. വിവാഹധനസഹായം :-

50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതിയിൽപ്പെട്ട പെൺകുട്ടിക്ക് 50,000/- രൂപ ധനസഹായമായി നൽകി വരുന്നു. അപേക്ഷകന്റെ ജാതി/ വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് റേഷൻ കാർഡ് , ഐഡി കാർഡ് എന്നിവയുടെ പകർപ്പ് ക്ഷണക്കത്ത്, വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷിപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

VI. ചികിത്സാ ധന സഹായം :-

മാരക രോഗങ്ങൾ ബാധിച്ചവർക്കും അത്യാഹിതങ്ങളിൽപ്പെട്ടവരും വരുമാനദായകൻ മരണപ്പെട്ടവരും പ്രകൃതി ക്ഷോഭങ്ങളിൽ നാശ നഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളവരുമായ 50,000/- രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികജാതി വരുമാന വിഭാഗങ്ങൾക്ക് രോഗ തീവ്രതയനുസരിച്ച് ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നു. ഇതിലേക്കായി അപേക്ഷ, ജാതി വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ഐഡി കാർഡ്, ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യ പത്രം എന്നിവ സഹിതം അപേക്ഷ ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

VII. മിശ്ര വിവാഹ ധനസഹായം :-

മിശ്ര വിവാഹിതരായ ദമ്പതികൾക്ക് ( ഒരാൾ പട്ടികജാതിയും പങ്കാളി ഇതര സമുദായത്തിൽപ്പെട്ടതും)മിശ്ര വിവാഹത്തെ തുടർന്നുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 40,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് 50,000/- രൂപ വരെ ധനസഹായം നൽകി വരുന്നു. വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷത്തിനകം ജാതി സർട്ടിഫിക്കറ്റ് കുടുംബ വാർഷിക വരുമാനം സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

VIII. ടോയ്‌ലറ്റ് ധനസഹായം: -

സ്വന്തമായി വാസയോഗ്യമായ വീടുള്ളതും എന്നാൽ ശുചിത്വ സൗകര്യമുള്ള ടോയ്‌ലറ്റ് ഇല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്ക് 25,000/- രൂപ വീതം ധനസഹായം അനുവദിക്കുന്നു. അപേക്ഷയും അനുബന്ധ രേഖകളും പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. വരുമാന പരിധി 50,000/- രൂപ.

IX. സ്വയം തൊഴിൽ പദ്ധതി പ്രകാരം ബാങ്ക് വായ്പയ്ക്ക് സബ്സിഡി നൽകുന്ന പദ്ധതി: -

അഭ്യസ്ത വിദ്യരായ പട്ടികജാതി യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിനായി ലഭ്യമാകുന്ന ബാങ്ക് വായ്പയുടെ 1/3 തുക സ്വയം തൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ബന്ധപ്പെട്ട ബാങ്കിന് നൽകുന്നു. അപേക്ഷയും അനുബന്ധ രേഖകളും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ സമർപ്പിക്കാവുന്നതാണ്.

X. വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായം : - അഭ്യസ്ത വിദ്യരായ പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കും വിസ്സ സംബന്ധമായ ചെലവുകൾ 50,000/ രൂപ വരെ അനുവദിക്കുന്നു. ബന്ധപ്പെട്ട അപേക്ഷ പട്ടികജാതി വികസന ഓഫീസർമാർക്ക് സമർപ്പിക്കാവുന്നതാണ്. വാർഷിക വരുമാന പരിധി 2.50 ലക്ഷത്തിൽ അധികരിക്കരുത്.

XI. ഗാന്ധിഗ്രാം പദ്ധതി :-

തെരഞ്ഞെടുത്ത 12 പട്ടികജാതി കോളനികളിൽ ചുവടെ ചേർക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഗാന്ധിഗ്രാമം പദ്ധതി എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.

1. കോളനികൾക്കുള്ള റോഡ്/ നടപ്പാത
2. ഡ്രെയിനേജ് സൗകര്യങ്ങൾ
3. കുടിവെള്ള പദ്ധതികൾ
4. വൈദ്യുതീകരണം
5. ബയോഗ്യാസ് പ്ലാന്റ്
6. കമ്മ്യൂണിറ്റി ഹാൾ/ആഡിറ്റോറിയം
7. കോമ്പൗണ്ട് വാൾ

XII. സ്വയം പര്യാപ്ത ഗ്രാമം

പട്ടികജാതി വികസന വകുപ്പിന്റേയും തദ്ദേശ സ്വയം ഭരണ വകുപ്പിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ കിലയുടെ സഹകരണത്തോടെ പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സ്ഥിതി വിവര പഠന റിപ്പോർട്ടിൽ അമ്പതോ അതിൽകൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങളിൽ നിന്നും വികസന പ്രക്രിയയിൽ ഗണ്യമായ നേട്ടമൊന്നും കൈവരിച്ചിട്ടില്ലാത്ത ഗ്രാമങ്ങളിൽ നടപ്പിലാക്കുന്ന സമഗ്ര വികസന പദ്ധതിയാണ് സ്വയം പര്യാപ്ത ഗ്രാമ പദ്ധതി.

Bali K.J

സെക്ഷൻ ഓഫീസർ